**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 861** **11-02-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (എ) | വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി ഇതുവരെ 80% പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബിൽഡിങിന്റെ പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ് ഹാൻഡ് റെയിൽ വർക്ക് എന്നിവ പൂർത്തീകരിച്ചു. കതക്, ഗ്രിൽ വിൻഡോ സ്ഥാപിച്ചു. ഫൈനൽ പെയിന്റിംഗ്, ഇലക്ട്രിക്കൽ വർക്ക്, പ്ലംബിംഗ് അലുമിനിയം ജനൽ വർക്ക് എന്നിവപൂർത്തീകരിക്കാനുണ്ട്.<br><br>ഹോസ്റ്റൽ_ബിൽഡിങിന്റെ സ്ട്രക്ച്ചറൽ വർക്ക്, ബ്രിക്ക് വർക്ക്, ഗ്രിൽ ഫിക്സിങ്, ഡോർ ഫ്രെയിം ഫിക്സിങ്, പ്ലാസ്റ്ററിംഗ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സാനിട്ടറി വർക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഫ്ലോറിങ്, പെയിന്റിംഗ്, ഇലക്ട്രിക്കൽ വർക്ക്, പ്ലംബിംഗ് അലുമിനിയം ജനൽ വർക്ക് എന്നിവ പൂർത്തീകരിക്കാനുണ്ട്. സെപ്റ്റിക് ടാങ്ക് മഴവെള്ള സംഭരണി പുരോഗതിയിലാണ്. 3 മാസത്തിനകം പദ്ധതി പൂർത്തീകരിക്കാമെന്നു നിർവഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ